പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. 94 13.12.2012 ൽ മറുപടിക്ക്

# ദുരന്ത നിവാരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സി.എഫ് തോമസ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. റ്റി.യു കുരുവിള | | ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | ദുരന്ത നിവാരണത്തിനുള്ള കേന്ദ്ര വിഹിതം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | സംസ്ഥാന തലത്തിൽ ദുരന്ത നിവാരണത്തിനായി പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം 2010-11 മുതൽ 2014-15 വരെയുള്ള കാലയളവിലേക്ക് രൂപീകരിച്ചിട്ടുള്ള സംസ്ഥാന ദുരന്ത പ്രതികരണ നിധി (State Disaster Response Fund) യാണ് നിലവിലുള്ളത്. 75% കേന്ദ്ര വിഹിതവും 25% സംസ്ഥാന വിഹിതവും ഉൾപ്പെടുന്നതാണ് പ്രസ്തുത നിധി. ഓരോ വർഷവും സംസ്ഥാനത്തുണ്ടാകുന്ന രൂക്ഷമായ പ്രകൃതിക്ഷോഭം നേരിടാൻ ഈ നിധിയിൽ നിന്നുള്ള തുക അപര്യാപ്തമാണെങ്കിൽ സംസ്ഥാന സർക്കാരിന്റെ പ്രത്യേക അപേക്ഷ പരിഗണിച്ച് കേന്ദ്ര സർക്കാരിന്റെ അധിക ധനസഹായം അനുവദിച്ച് നൽകാറുണ്ട്. ഓരോ വർഷവും ഉണ്ടാകുന്ന വെള്ളപ്പൊക്കം, വരൾച്ച തുടങ്ങി സംസ്ഥാനം അഭിമുഖീകരിക്കേണ്ടി വരുന്ന രൂക്ഷമായ പ്രകൃതിക്ഷോഭങ്ങൾ നേരിടാൻ സംസ്ഥാന സർക്കാർ ഇപ്രകാരം മെമ്മോറാണ്ടം വഴി അധിക കേന്ദ്ര സഹായം നേടിയെടുക്കാറുണ്ട്. |
| (ബി) | ദുരന്ത നിവാരണത്തെ കുറിച്ചും രക്ഷാപ്രവർത്തനങ്ങളെക്കുറിച്ചും സാധാരണ ജനങ്ങളിൽ അവ ബോധം ഉണ്ടാക്കുന്നതിനായി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി)<br>&<br>(സി) | ദുരന്ത നിവാരണ അതോറിറ്റി മുൻകൈയെടുത്ത് സംസ്ഥാന തലത്തിലും ജില്ലാ തലങ്ങളിലും സാധാരണ ജനങ്ങളിൽ അവബോധം ലഭിക്കുന്ന വിധം വിവിധ തരത്തിലുള്ള ശാക്തീകരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. ഇതിലേക്കായി സുരക്ഷായനം 2012, സുരക്ഷിത കേരളം റോഡ് ഷോ, അന്താരാഷ്ട്ര ദുരന്ത നിവാരണ ദിനാചരണം, മോക്ക് ഡ്രില്ലുകൾ, റവന്യൂ ജീവനക്കാരുടെ നാടകം, തെരുവ് നാടകം, പദയാത്രകൾ, സ്കൂൾ കുട്ടികൾക്ക് പെയിന്റിംഗ്, ക്വിസ് മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ